©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ആഗസ്റ്റ് 21<br>21st August 2018<br>1194 ചിങ്ങം 5<br>5th Chingam 1194<br>1940 ശ്രാവണം 30<br>30th Sravana 1940 | നമ്പർ<br>No. | 2207 |


## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 64/2018/ത.സ്വ.ഭ.വ.

*തിരുവനന്തപുരം, 2018 ആഗസ്റ്റ് 6*
*1193 കർക്കടകം 21.*

**എസ്. ആർ. ഒ. നമ്പർ 591/2018.**—2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 54-ാം വകുപ്പും 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2018 ഏപ്രിൽ 17-ാം തീയതിയിലെ സ. ഉ. (അച്ചടി) 30/2018/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2018 മേയ് 4-ാം തീയതിയിലെ 1182-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 278/2018 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം

രൂപീകരിച്ച ഗോശ്രീദ്വീപ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിലിലെ വികസന അതോറിറ്റിയുടെ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അഞ്ച് അംഗങ്ങളിലൊരാളായ എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. കെ. കൃഷ്ണൻ, വട്ടത്തറ വീട്, മാലിപ്പുറം പി. ഒ. മരണപ്പെട്ടതിനാൽ അദ്ദേഹത്തിന് പകരം കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാലിനി ബാബു, തൈപ്പറമ്പിൽ ഹൗസ്, കണ്ടനാട്, കോതാട് പി. ഒ., സൗത്ത് ചിറ്റൂർ-682 027 എന്നവരെ ജനറൽ കൗൺസിൽ അംഗമായി ഉൾപ്പെടുത്തി മേൽപ്പറഞ്ഞ വിജ്ഞാപനം ഇനിപറയുംപ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

## ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിലെ "ജനറൽ കൗൺസിൽ" എന്ന ശീർഷകത്തിൻകീഴിൽ, "(b) വികസന അതോറിറ്റിയുടെ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള അഞ്ച് അംഗങ്ങൾ" എന്ന ഉപശീർഷകത്തിലെ ക്രമനമ്പർ '5'-ന് എതിരെയുള്ള ഉൾക്കുറിപ്പിന് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"ശ്രീമതി ശാലിനി ബാബു,
തൈപ്പറമ്പിൽ ഹൗസ്,
കണ്ടനാട്, കോതാട് പി. ഒ.,
സൗത്ത് ചിറ്റൂർ-682 027"

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. കെ. ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018 ഏപ്രിൽ 17-ാം തീയതിയിലെ സ. ഉ. (അച്ചടി) 30/2018/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2018 മേയ് 4-ാം തീയതിയിലെ 1182-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 278/2018 നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള സർക്കാർ, 2016-ലെ

കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 54-ാം വകുപ്പും 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ചപ്രകാരം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് ഗോശ്രീദ്വീപ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ രൂപീകരിച്ചിരുന്നു. പ്രസ്തുത അതോറിറ്റിയുടെ ജനറൽ കൗൺസിൽ അംഗമായിരുന്ന എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. കെ. കൃഷ്ണൻ മരണപ്പെട്ട സാഹചര്യത്തിൽ കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശാലിനി ബാബുവിനെ ജനറൽ കൗൺസിലിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018